മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

എം.ആർക്ക് കോഴ്സ് - ബോർഡ് ഓഫ് സ്റ്റഡീസ് ശുപാർശ ചെയ്ത റഗുലേഷൻ, കരിക്കുലം, സിലബസ്- എന്നിവ- അംഗീകരിച്ച് - ഉത്തരവാകുന്നു.

==========================================================================

**അക്കാദമിക് വിഭാഗം**

സ.ഉ.നം.107/എIV/1/2020/അക്കാദമിക് പി.ഡി.ഹിൽസ്,തീയതി:01.01.2020

==========================================================================

വായിക്കുക:-

1. 30.11.2019-ലെ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 168/ Ac.19/195145 (31.12.2019-ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (19.11) ഇനം നമ്പർ 01/19.11/190797 ആയി സമർപ്പിച്ചത്)

## ഉത്തരവ്

സർവകലാശാലയുടെ കീഴിൽ അഫിലിയേറ്റു ചെയ്തിട്ടുള്ള മംഗളം സ്കൂൾ ഓഫ് ആർക്കിടെക്ച്ചർ & പ്ലാനിങ്ങിൽ (അൺ എയ്ഡഡ്) 2019-20 അക്കാദമിക വർഷം മുതൽ ആരംഭിക്കുന്ന എം.ആർക്ക് (ലാൻഡ്സ്കേപ്പ് ആർക്കിടെക്ചർ) കോഴ്സിന്റെ റഗുലേഷൻ, കരിക്കുലം, സിലബസ് എന്നിവ 25.09.2019-നു കൂടിയ ബോർഡ് ഓഫ് സ്റ്റഡീസ് യോഗം അംഗീകരിക്കുകയുണ്ടായി. സർവകലാശാലയുടെ കീഴിൽ ആദ്യമായി ആംരഭിക്കുന്ന ടി കോഴ്സ് റഗുലേഷനിലെ വ്യവസ്ഥകൾ നിലവിലെ വ്യവസ്ഥകൾക്ക് അനുസൃതമാണോയെന്നു പരിശോധിച്ച അക്കാദമിക് ലെജിസ്ലേഷൻ വിഭാഗം, കൗൺസിൽ ഓഫ് ആർക്കിടെക്ചർ, കേരള സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ കാലാകാലങ്ങളിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിധേയമായിരിക്കും ടി കോഴ്സിന്റെ പ്രവേശന മാനദണ്ഡങ്ങളെന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് ശുപാർശ ചെയ്തിരുന്നു. ബോർഡ് ഓഫ് സ്റ്റഡീസ് ശുപാർശ ചെയ്തു സമർപ്പിച്ച ടി കരിക്കുലം, റഗുലേഷൻ, സിലബസ് എന്നിവ ബഹു. വൈസ് ചാൻസിലറുടെ 18.10.2019-ലെ ഉത്തരവിന് പ്രകാരം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്കു സമർപ്പിക്കുകയുണ്ടായി.

30.11.2019-നു കൂടിയ അക്കാദമിക് കൗൺസിൽ യോഗം സൂചന (i) പ്രകാരം താഴെപ്പറയും വിധം തീരുമാനിച്ചു.

'മംഗളം സ്കൂൾ ഓഫ് ആർക്കിടെക്ച്ചർ & പ്ലാനിങ്ങിൽ എം.ആർക്ക് കോഴ്സ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട് ബോർഡ് ഓഫ് സ്റ്റഡീസ് ശുപാർശ ചെയ്തിട്ടുള്ള ടി കോഴ്സിന്റെ കരിക്കുലം, സിലബസ് & റഗുലേഷൻസ് എന്നിവ അംഗീകരിക്കാൻ തീരുമാനിച്ചു'.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ജെസ്സി ജോൺ**

**അസിസ്റ്റന്റ് രജിസ്ട്രാർ(II) അക്കാദമിക്**

**രജിസ്ട്രാർക്കു വേണ്ടി**

പകർപ്പ്:-

1. വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പി.എസ് മാർ
2. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ മാർ
3. ബോർഡ് ഓഫ് സ്റ്റഡീസ്, ചെയർമാൻ & അംഗങ്ങൾ.
4. പ്രിൻസിപ്പാൾ, മംഗളം സ്കൂൾ ഓഫ് ആർക്കിടെക്ച്ചർ, ഏറ്റുമാനൂർ, കോട്ടയം.
5. ജെ.ആർ/ഡി.ആർ/എ.ആർ (പരീക്ഷ/ അക്കാദമിക്).
6. ഇ.ഐ XXXII/എസി.എVII/പി.ആർ.ഒ സെക്ഷനുകൾ).
7. എ.സി.സി I/II സെക്ഷനുകൾ.
8. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ
9. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

ഫയൽ നം. എസി.എIV/01/3690/ എം.ആർക്ക്/2019